പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. T 8086 | 17.07.2014- ൽ മറുപടിക്ക് |
|---|---|

<u>ഉച്ചഭക്ഷണത്തിനായി അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിന് സിവിൽ സപ്ലൈസ് മുഖാന്തിരം വിതരണം ചെയ്യുന്ന അരി, പലവ്യഞ്ജനം എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് നിലവിൽ സിവിൽ സപ്ലൈസ് ഉൾപ്പെടെ മുഖാന്തിരം വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ശേഖരിക്കുവാൻ ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കുട്ടികൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട കരുതൽ നടപടി സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ സംബന്ധിച്ച പരാതി ഉള്ളപക്ഷം അടിയന്തിരമായി ഫുഡ് സേഫ്റ്റി ഓഫീസറെ അറിയിക്കുവാനും സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | പുഴു, പാറ്റ, കീടങ്ങൾ എന്നിവയുള്ള അരി വിതരണത്തിനായി എത്തുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കുമോ? | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ കുട്ടികൾക്ക് ഉച്ചഭക്ഷണ വിതരണം ചെയ്യുന്ന സ്കൂൾ അധികൃതർ സ്വീകരിക്കേണ്ട കരുതൽ നടപടി സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**